# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## രാമനാട്ടുകര മുനിസിപ്പാലിറ്റി

## ഓഡിറ്റ് റിപ്പോർട്ട്

2019-2020

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കോഴിക്കോട്-673020

ഇ-മെയിൽ: dokkd.ksad@kerala.gov.in

ഫോൺ : 0495-2371012

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെ.എസ്.എ.കെ.കെ.ഡി.പി9/1820/21

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കോഴിക്കോട്-673020
തീയ്യതി: 01/01/2022
ഇ-മെയിൽ: dokkd.ksad@kerala.gov.in
ഫോൺ: 0495-2371012

ജോയിന്റ് ഡയറക്ടർ

ചെയർപേഴ്സൺ (സെക്രട്ടറി മുഖേന)
രാമനാട്ടുകര മുനിസിപ്പാലിറ്റി

സർ,

വിഷയം : രാമനാട്ടുകര മുൻസിപ്പാലിറ്റിയുടെ 2019-2020 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരള മുനിസിപ്പാലിറ്റി നിയമം വകുപ്പ് 295(4) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം രാമനാട്ടുകര മുൻസിപ്പാലിറ്റിയുടെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1,3 എന്നിവയിലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള മുനിസിപ്പാലിറ്റി നിയമം -പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള മുനിസിപ്പാലിറ്റി പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ജോയിന്റ് ഡയറക്ടർ

പകർപ്പ്:

പകർപ്പ്:

1. സെക്രട്ടറി, തദ്ദേശ സ്വയം ഭരണ വകുപ്പ്, തിരുവനന്തപുരം. (ഉപരിപത്രം സഹിതം)

2. ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം(ഉപരിപത്രം സഹിതം)

3. നഗരകാര്യ വകുപ്പ് ഡയറക്ടർ, തിരുവനന്തപുരം(ഉപരിപത്രം സഹിതം)

4. റീജിയണൽ ജോയിന്റ് ഡയറക്ടർ, നഗരകാര്യ വകുപ്പ്, കോഴിക്കോട്.
5. കാര്യാലയ പ്രതി.

നമ്പർ: കെ.എസ്.എ.കെ.കെ.ഡി.പി9/1820/21 തീയ്യതി: 01/01/2022

## കോഴിക്കോട് ജില്ലയിലെ രാമനാട്ടുകര മുൻസിപ്പാലിറ്റിയുടെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള മുനിസിപ്പാലിറ്റി നിയമം വകുപ്പ് 295(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

കോഴിക്കോട് ജില്ലയിലെ രാമനാട്ടുകര മുൻസിപ്പാലിറ്റിയുടെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 16-02-2020 മുതൽ 05-12-2021 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 9 അന്വേഷണക്കുറിപ്പുകൾ നൽകിയെങ്കിലും മറുപടി ലഭ്യമായിട്ടില്ല.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. ഓഡിറ്റ് പരാമർശങ്ങൾ 23-12-2021 തിയതിയിലെ ഓഡിറ്റ് സമാപന യോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷമുള്ള പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

### (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ.എം വാസുദേവൻ | ഡെപ്യൂട്ടി ഡയറക്ടർ (ഹ.ഗ്രേ) (ജോയിന്റ് ഡയറക്ടർ ഇൻചാർജ്ജ്) | 06-12-2021 | 23-12-2021 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി (മുതൽ) | തീയതി (വരെ) |
|---|---|
| 06-12-2021 | 23-12-2021 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീ.ഹരി.കെ.പി., ഓഡിറ്റ് ഓഫീസർ (ഹ.ഗ്രേ)

ശ്രീമതി.ശ്രീജ തെക്കൻ. ഓഡിറ്റ് ഓഫീസർ

ശ്രീ.രാമദാസ്.എം, അസി. ഓഡിറ്റ് ഓഫീസർ

ശ്രീമതി.ലത.ടി.കെ, സീനിയർ ഗ്രേഡ് ഓഡിറ്റർ

ശ്രീ.അഫ്സൽ.ടി.എം, ഓഡിറ്റർ

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ.എൻ സുരേഷ് കുമാർ | സെക്രട്ടറി | 01-04-2019 | 05-09-2019 |
| ശ്രീമതി ജസിത പി.ജെ | സെക്രട്ടറി | 06-09-2019 | 31-03-2020 |
| ശ്രീ വാഴയിൽ ബാലകൃഷ്ണൻ | ചെയർമാൻ | 01-04-2019 | 31-03-2020 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി ഷബ്ന എം.എസ് | കൃഷി ഓഫീസർ | 01-04-2019 | 31-03-2020 |
| ശ്രീ.അബ്ദുൾ നാസർ | ഹെഡ് മാസ്റ്റർ | 01-04-2019 | 31-03-2020 |
| ഡോ. ആനന്ദ് | സീനിയർ വെറ്ററിനറി സർജൻ | 01-04-2019 | 31-03-2020 |
| ശ്രീമതി ഷീബ ഘാമർ | ഡയറി എക്സ്റ്റൻഷൻ ഓഫീസർ | 01-04-2019 | 31-03-2020 |
| ഡോ പ്രിയ പി.കെ | മെഡിക്കൽ ഓഫീസർ(എഫ്.എച്ച്.സി) | 01-04-2019 | 31-03-2020 |
| ശ്രീ.സുരേഷ് ബാബു പി.പി | ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ് I | 01-04-2019 | 31-03-2020 |
| ശ്രീ രാജേഷ് കുമാർ | പ്രോജക്ട് ഓഫീസർ | 01-04-2019 | 31-03-2020 |
| ശ്രീ ദിനേഷ് കുമാർ എം | അസി.എഞ്ചിനീയർ | 01-04-2019 | 31-03-2020 |
| ശ്രീമതി. ബിന്ദു | ഐ.സി.ഡി.എസ് സൂപ്പർവൈസർ | 01-04-2019 | 31-03-2020 |
| ശ്രീമതി . ജിസ് കെ.ജോസ് | എസ്.സി ഡെവലപ്മെന്റ് ഓഫീസർ | 01-04-2019 | 29-01-2020 |
| ശ്രീ.ഹരീഷ് കെ | എസ്.സി ഡെവല്പ്മെന്റ് ഓഫീസർ | 30-01-2020 | 31-03-2020 |

## ഉള്ളടക്കം


| ക്രമ നം | ഭാഗം **1** | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ്<br>Written By: Hari. K.P (Audit Officer (HG), On 23-12-2021)<br>Last Updated By: Pyarilal.T.C (Joint Director, On 01-01-2022) | 1-1 |
| 2 | വാർഷിക ധനകാര്യപത്രിക<br>Written By: T.K.Latha (Senior Grade Auditor, On 24-12-2021)<br>Last Updated By: Pyarilal.T.C (Joint Director, On 31-12-2021) | 1-2 |
| 3 | വാർഷിക കണക്കിലെ അപാകതകൾ<br>Written By: Afsal T.M (Auditor, On 23-12-2021)<br>Last Updated By: Pyarilal.T.C (Joint Director, On 01-01-2022) | 1-2-1 |
| 4 | സാമ്പത്തിക വിശകലനം (റസീറ്റ് ആന്റ് പേയ്മെന്റ് പ്രകാരം )<br>Written By: Afsal T.M (Auditor, On 24-12-2021)<br>Last Updated By: Pyarilal.T.C (Joint Director, On 31-12-2021) | 1-3 |
| 5 | ഗ്രാന്റ് വിനിയോഗം<br>Written By: Afsal T.M (Auditor, On 24-12-2021)<br>Last Updated By: Pyarilal.T.C (Joint Director, On 01-01-2022) | 1-4 |
| 6 | ക്യാഷ് വെരിഫിക്കേഷൻ<br>Written By: Afsal T.M (Auditor, On 23-12-2021)<br>Last Updated By: Pyarilal.T.C (Joint Director, On 31-12-2021) | 1- 5 |
| 7 | ക്ഷേമപദ്ധതികൾ<br>Written By: Hari. K.P (Audit Officer (HG), On 24-12-2021)<br>Last Updated By: Pyarilal.T.C (Joint Director, On 31-12-2021) | 1-6 |
| 8 | പദ്ധതി അവലോകനം<br>Written By: T.K.Latha (Senior Grade Auditor, On 24-12-2021)<br>Last Updated By: Pyarilal.T.C (Joint Director, On 31-12-2021) | 1-7 |
| 9 | സേവനനികുതി - നികുതി ഒടുക്കിയതിൽ കറവ് - പിഴ തുക ഉത്തരവാദിയായവരിൽ നിന്ന് ഈടാക്കേണ്ടതാണ്.<br>Written By: Hari. K.P (Audit Officer (HG), On 24-12-2021)<br>Last Updated By: Pyarilal.T.C (Joint Director, On 31-12-2021) | 1-8 |
| 10 | കരാർവെക്കുന്നതിന് കാലതാമസം-കരാറുകാരനിൽനിന്ന് പിഴ ഈടാക്കിയില്ല.<br>Written By: RAMDAS M. (Asst. Audit Officer, On 23-12-2021)<br>Last Updated By: Pyarilal.T.C (Joint Director, On 31-12-2021) | 1-9 |
| 11 | റോഡ് പ്രവൃത്തിയുടെ ഗുണനിലവാരം ഉറപ്പുവരുത്തുന്നില്ല.<br>Written By: RAMDAS M. (Asst. Audit Officer, On 23-12-2021)<br>Last Updated By: Pyarilal.T.C (Joint Director, On 31-12-2021) | 1-10 |
| 12 | ബഡ്സ് സ്കൂളിൽ പഠിക്കുന്ന ഭിന്ന ശേഷിയുള്ള വിദ്യാർത്ഥികൾക്ക് യാത്രാ സൗകര്യം ഏർപ്പെടുത്തിയതിനു പുറമെ യാത്രാ ബത്തയും നൽകി.<br>Written By: Sreeja Thekkan (Audit Officer, On 23-12-2021)<br>Last Updated By: Pyarilal.T.C (Joint Director, On 31-12-2021) | 1-11 |
| 13 | പട്ടികജാതി ഉപപദ്ധതി വിഹിതം-വകമാറ്റി ചെലവഴിച്ചു<br>Written By: Sreeja Thekkan (Audit Officer, On 23-12-2021)<br>Last Updated By: Pyarilal.T.C (Joint Director, On 31-12-2021) | 1-12 |
| 14 | ലൈഫ്/പി എം എ വൈ പദ്ധതി- ഭവനങ്ങളുടെ പണി പൂർത്തീകരിച്ചില്ല<br>Written By: Afsal T.M (Auditor, On 23-12-2021)<br>Last Updated By: Pyarilal.T.C (Joint Director, On 31-12-2021) | 1-13 |
| 15 | കുടിവെള്ള വിതരണം -സംബന്ധിച്ച അപാകതകൾ<br>Written By: Afsal T.M (Auditor, On 23-12-2021)<br>Last Updated By: Pyarilal.T.C (Joint Director, On 01-01-2022) | 1-14 |
| 16 | കെൽട്രോണിൽ നിന്നും പ്രിന്റർ ലഭ്യമായില്ല | 1-15 |

| | | |
|---|---|---|
| | Written By: Afsal T.M (Auditor, On 23-12-2021)<br>Last Updated By: Pyarilal.T.C (Joint Director, On 01-01-2022) | |
| ഭാഗം **2** | | |
| --- No Records Found --- | | |
| ഭാഗം **3** | | |
| 1 | കരാർവെക്കുന്നതിന് കാലതാമസം-കരാറുകാരനിൽനിന്ന് പിഴ ഈടാക്കിയില്ല.<br>Written By: RAMDAS M. (Asst. Audit Officer, On 23-12-2021)<br>Last Updated By: Pyarilal.T.C (Joint Director, On 01-01-2022) | 3-1 |
| 2 | ഭിന്ന ശേഷിയുള്ള വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് -അധികം നൽകി<br>Written By: T.K.Latha (Senior Grade Auditor, On 24-12-2021)<br>Last Updated By: Pyarilal.T.C (Joint Director, On 31-12-2021) | 3-2 |
| ഭാഗം **4** | | |
| 1 | വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം<br>Written By: T.K.Latha (Senior Grade Auditor, On 24-12-2021)<br>Last Updated By: Pyarilal.T.C (Joint Director, On 31-12-2021) | 4-1 |
| 2 | സംയുക്ത പ്രോജക്ടുകൾക്ക ലഭിച്ച ഫണ്ട് വിനിയോഗം<br>Written By: T.K.Latha (Senior Grade Auditor, On 19-12-2021)<br>Last Updated By: Pyarilal.T.C (Joint Director, On 01-01-2022) | 4-2 |
| 3 | നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകകളുടെ വിവരങ്ങൾ<br>Written By: T.K.Latha (Senior Grade Auditor, On 24-12-2021)<br>Last Updated By: Pyarilal.T.C (Joint Director, On 31-12-2021) | 4-3. |
| 4 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ<br>Written By: T.K.Latha (Senior Grade Auditor, On 24-12-2021)<br>Last Updated By: Pyarilal.T.C (Joint Director, On 31-12-2021) | 4-4 |
| 5 | വായ്പ/ വായ്പ തിരിച്ചടവ്<br>Written By: T.K.Latha (Senior Grade Auditor, On 24-12-2021)<br>Last Updated By: Pyarilal.T.C (Joint Director, On 31-12-2021) | 4-5 |
| 6 | സ്ഥിരനിക്ഷേപങ്ങൾ.<br>Written By: T.K.Latha (Senior Grade Auditor, On 24-12-2021)<br>Last Updated By: Pyarilal.T.C (Joint Director, On 31-12-2021) | 4-6 |
| 7 | സമാഹൃത ഓഡിറ്റ് റിപ്പോർട്ട്<br>Written By: T.K.Latha (Senior Grade Auditor, On 19-12-2021)<br>Last Updated By: Pyarilal.T.C (Joint Director, On 01-01-2022) | 4-7 |
| 8 | ഓഡിറ്റ് റിക്കവറി<br>Written By: T.K.Latha (Senior Grade Auditor, On 24-12-2021)<br>Last Updated By: Pyarilal.T.C (Joint Director, On 31-12-2021) | 4-8 |
| 9 | ചാർജ് /സർചാർജ് നടപടികളുടെ വിവരം<br>Written By: T.K.Latha (Senior Grade Auditor, On 19-12-2021)<br>Last Updated By: Pyarilal.T.C (Joint Director, On 31-12-2021) | 4-9 |
| 10 | ഓഡിറ്റ് പ്രത്യവലോകനം<br>Written By: T.K.Latha (Senior Grade Auditor, On 24-12-2021)<br>Last Updated By: Pyarilal.T.C (Joint Director, On 01-01-2022) | 4-10 |
| 11 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ<br>Written By: T.K.Latha (Senior Grade Auditor, On 19-12-2021)<br>Last Updated By: Pyarilal.T.C (Joint Director, On 01-01-2022) | 4-11 |
| അനുബന്ധം | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |

## ഭാഗം -1

### 1-1 ബജറ്റ്

ബജറ്റ് എസ്റ്റിമേറ്റിൽ നിന്നുള്ള വ്യതിയാനം- ബജറ്റ് പുതുക്കുന്നില്ല

ബജറ്റിൽ വകയിരുത്തിയ തുകക്ക് കൂടുതലോ, ഉൾപ്പെടാത്ത ഇനത്തിൽ ചെലവഴിക്കുമ്പോഴോ പുതുക്കിയ/ സപ്ലിമെന്ററി ബജറ്റ് അംഗീകരിച്ച് മാത്രമേ തുക ചെലവഴിക്കാവൂ എന്നാൽ ഇത് പാലിക്കപ്പെട്ടിട്ടില്ല

| ക്രമ നം | ഹെഡ്ഡ് | ബജറ്റ് പ്രൊവിഷൻ | പുതുക്കിയ ബജറ്റ | വാർഷിക കണക്കുപ്രകാരം വരവ്/ചെലവ് |
|---|---|---|---|---|
| 1 | 1101002 | 5300000 | 5300000 | 5043064 |
| 2 | 1100101 | 13500000 | 13500000 | 9882715 |
| 3 | 1100102 | 675000 | 675000 | 238774 |
| 4 | 160100102(പട്ടിക ജാതി ഉപ പദ്ധതി) | 14911000 | 14911000 | 123555766 |
| 5 | ധനകാര്യ കമ്മീഷൻ ഗ്രാന്റ് | 10773000 | 10773000 | 3157398 |
| 6 | BS 5 ~~160~~റവന്യൂ ഇൻകം നോൺപ്ലാൻ | 91250000 | 49219080 | 194358047 |
| 7 | 220-അഡ്മിനിസ്ട്രേഷൻ | 4695000 | 4300000 | 118714157 |

മേൽ കാണിച്ചവയിൽ വരവിലും ചെലവിലും വകയിരുത്തിയതിനേക്കാളും വൻ അന്തരമാണ് യഥാർത്ഥ ചെലവിൽ ഉണ്ടായിരിക്കുന്നത്. ക്രമ നം 1 മുതൽ 5 വരെ വകയിരുത്തിയതിനേക്കാൾ കൂടുതൽ ചെലവുമാണ്.

കൈമാറിക്കിട്ടിയ വകുപ്പിന്റെ ഓഫീസ് ചെലവിന് ജനറൽ പർപസ് ഗ്രാന്റ്/തനത് ഫണ്ട് ചെലവഴിച്ചപ്പോൾ അത് ബജറ്റിൽ ഉൾക്കൊള്ളിച്ചിട്ടില്ല. ഉദാഹരണം താഴെ കൊടുക്കുന്നു.

| | ചെലവ് |
|---|---|
| 1) ഹെഡ് മാസ്റ്റർ | 84202 |
| 2)വെറ്ററിനറി സർജൻ | 21714 |
| 3)അഗ്രികൾച്ചർ | 7267 |

ബജറ്റ് വ്യതിയാനത്തിനനുസരിച്ച് അത് പുതുക്കാൻ നടപടി സ്വീകരിക്കേണ്ടതാണ്.

ലോൺ ഇനത്തിൽ 68000000 രൂപയാണ് 2019-20 ൽ വിവിധ സ്ഥാപനങ്ങളിൽ നിന്ന് എടുക്കാൻ ഉദ്ദേശിക്കുന്നത് എന്ന് ഷെഡ്യൂൾ വ്യക്തമാക്കുന്നു. എന്നാൽ തൻ വർഷം ആകെ 98 ലക്ഷം രൂപ മാത്രമാണ് KURDFC ലോൺ ഇനത്തിൽ വരവ് വന്നത്. ധനകാര്യ സ്ഥാപനത്തിൽ നിന്നുള്ള വായ്പ്പയായി 6 കോടി രൂപ വകയിരുത്തിയത് എന്തിനാണ് എന്ന് വ്യക്തതയില്ല. കൂടാതെ ഇത്തരത്തിൽ വായ്പ്പായിനത്തിൽ തുക വകയിരുത്തുമ്പോൾ വായ്പ എടുക്കാൻ സർക്കാരിൽ നിന്നും അംഗീകരം ലഭിച്ച ശേഷം മാത്രമായിരിക്കണം.

1-2 വാർഷിക ധനകാര്യപത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി |
|---|---|
| 31.07.2020 | 15.7.2020 |

1-2-1 വാർഷിക കണക്കിലെ അപാകതകൾ

രാമനാട്ടുകര നഗരസഭയുടെ 2019-20 സാമ്പത്തിക വർഷത്തിലെ വാർഷിക കണക്കുകൾ പരിശോധിച്ചതിൽ കണ്ടെത്തിയ അപാകതകൾ.

1. വിവിധ ബാങ്ക് എക്കൌണ്ടുകളുടെ റീകൺസിലിയേഷൻ സ്റ്റേറ്റ്മെന്റ് തയാറാക്കിയിട്ടുണ്ടെങ്കിലും അവ സെക്രട്ടറി സാക്ഷ്യപ്പെടുത്തിയിട്ടില്ല.
2. താഴെ പറയുന്ന ബാങ്കുകളുടെ റീകൺസീലിയേഷൻ സ്റ്റേറ്റ്മെന്റ് തയ്യാറാക്കിയിട്ടില്ല

   1) രാമനാട്ടുകര സർവീസ് കോ ഓപറേറ്റീവ് ബാങ്ക്

   2)ഐ സി ഐ സി ഐ സ്വച്ച് ഭാരത് 074805000817

   3)R S C B റീലീഫ് ഫണ്ട്.

   4) കനറ ബാങ്ക് അയ്യങ്കാളി 3155101009704

   5) ട്രഷറി PF AC
3. മേൽ പരാമർശിച്ച അപാകതകൾ കാരണം (ക്രമ നം. (1), (2)) വാർഷിക ധനകാര്യ പത്രികയിലെ

RP-40(b), B-17 പ്രകാരമുള്ള നീക്കിയിരിപ്പ് തുകകളുടെ കൃത്യത ഉറപ്പുവരുത്താൻ/പരിശോധിക്കാൻ കഴിഞ്ഞിട്ടില്ല.

4. നഗര സഭ നൽകിയിട്ടുള്ളതും 3 മാസത്തിലധികമായി എൻകാഷ് ചെയ്യാത്തതുമായ ചെക്കുകളുടെ തുക Liability In Rspect Of Stale Cheque എന്ന ശീർഷകത്തിലേക്ക് മാറ്റിയിട്ടില്ല

5. വിവിധ ഡി സി ബി രജിസ്റ്ററുകളിൽ (തൊഴിൽ നികുതി, ഡി&ഒ, കെട്ടിട വാടക തുടങ്ങിയവ) വാർഷിക സംക്ഷിപ്തം രേഖപ്പെടുത്തിയിട്ടില്ല. സഞ്ചയയിലെ രേഖപ്പെടുത്തലുകൾ അപൂർണമാണ്. ആയതിനാൽ Income & Expenditure 1-1, 1-3 ഷെഡ്യൂളുകളുമായി പൊരുത്തപ്പെടുത്താൻ സാധിച്ചിട്ടില്ല.

6. ആസ്തികൾക്ക് ഇൻകം ആന്റ് എക്സ്പെന്റിച്ചർ എക്കൌണ്ടിൽ തൻ വർഷം ഡിപ്രീസിയേഷൻ രേഖപ്പെടുത്തിയിട്ടില്ല. ആസ്തി രജിസ്ററർ കാലികമല്ല.

7. ഡെപ്പോസിറ്റ് രജിസ്റ്റർ, അഡ്വാൻസ് രജിസ്റ്റർ എന്നിവ സൂക്ഷിച്ചിട്ടില്ലാത്തതിനാൽ ബാലൻസ് ഷീറ്റിൽ ഉൾപ്പെട്ടിരിക്കുന്ന ആസ്തി ബാധ്യതകളുടെ കൃത്യത പരിശോധിക്കാനായിട്ടില്ല (ബി-7, ബി.18 ഷെഡ്യൂളുകൾ)

8. തൻവർഷത്തെ ഇ – ടെണ്ടർ മുഖേന ലഭിച്ച ടെണ്ടർ ഫോമുകളുടെ വില മുനിസിപ്പൽ ഫണ്ടിൽ വരവ് വെച്ചിട്ടില്ല.

9. പദ്ധതി നം 275/20 കമ്പ്യൂട്ടർ അനുബന്ധ ഉപകരണങ്ങൾ വാങ്ങൽ പദ്ധതിയിൽ തൻ വർഷം ചെലവ് 335363/- രൂപ ചെലവ് വന്നിട്ടുണ്ട്. ഇത് സുലേഖ ചെലവ് സ്റ്റേറ്റ്മെന്റിൽ രേഖപ്പെടുത്തിയിട്ടില്ല

10. വാർഷിക കണക്കിൽ, അടിസ്ഥാന അനുപാതങ്ങൾ, അക്കൗണ്ടിംഗ് നയങ്ങളെക്കുറിച്ചുള്ള കുറിപ്പുകൾ എന്നിവ ഉൾപ്പെടുത്തിയിട്ടില്ല. അപാകതകൾ പരിഹരിക്കേണ്ടതാണ്.

## 1-3 സാമ്പത്തിക വിശകലനം (റസീറ്റ് ആന്റ് പേയ്മെന്റ് പ്രകാരം )

| | |
|---|---|
| മുന്നിരിപ്പ് | 97242783 |
| വരവ് | 141067125 |
| ആകെ | 238309908 |
| ചെലവ് | 208413439 |
| നീക്കിയിരിപ്പ് | 29896469 |

## 1-4 ഗ്രാന്റ് വിനിയോഗം

| ഫണ്ടിനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് | കുറിപ്പ് |
|---|---|---|---|---|---|---|
| വികസന ഫണ്ട് (ജനറൽ ) | -- | 9428607 | 9428607 | 9428607 | 0 | |
| വികസന ഫണ്ട് (എസ്.സി.പി ) | | 15511000 | 15511000 | 12355866 | 3155134 | നീക്കിയിരിപ്പ് തുക ലാപ്സായി |
| വികസന ഫണ്ട് (ടി.എസ്.പി ) | | 166000 | 166000 | 0 | 166000 | നീക്കിയിരിപ്പ് തുക ലാപ്സായി |
| മെയിന്റനൻസ് (റോഡ് ) | | 3005000 | 3005000 | 928165 | 2076835 | നീക്കിയിരിപ്പ് തുക ലാപ്സായി |
| മെയിന്റനൻസ് (നോൺ റോഡ്) | | 3742000 | 3742000 | 2193272 | 1548728 | നീക്കിയിരിപ്പ് തുക ലാപ്സായി |
| ധനകാര്യ കമ്മീഷൻ ഗ്രാന്റ് | | 10873000 | 10873000 | 3157398 | 7715602 | നീക്കിയിരിപ്പ് തുക ലാപ്സായി |
| ജനറൽ പർപ്പസ് ഗ്രാന്റ് | | 14200469 | 14200469 | 14200469 | --- | |
| കേന്ദ്രാവിഷ്കൃത ഫണ്ടുകൾ Swatch Bharat | 8603 | 0 | 8603 | 1500 | 7103 | |
| NULM | 249550 | 1558791 | 1808341 | 1588621 | 219720 | |
| PMAY | 6704121 | 25253472 | 31957593 | 29421458 | 2536135 | |

| | | | | | | |
|---|---|---|---|---|---|---|
| സംസ്ഥാനാ വിഷ്കൃത ഫണ്ടുകൾ ശുചിത്വമിഷൻ | 424417 | 4969741 | 5394158 | 1618596 | 3775562 | |

## 1- 5 ക്യാഷ് വെരിഫിക്കേഷൻ

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 08/12/2021 10 മണിക്ക് സ്ഥാപന തലവന്റെ/ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 214678/- രൂപ ക്യാഷ് ബാലൻസിന്റെ/നീക്കിയിരിപ്പിന്റെ കൃത്യത പരിശോധനയിൽ ബോധ്യപ്പെട്ടു.

## 1-6 ക്ഷേമപദ്ധതികൾ

മുനിസിപ്പാലിറ്റിയിൽ നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ ചുവടെ കൊടുക്കുന്നു.

| ക്ഷേമ പദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽ രഹിത വേതനം | 19080 | 34 |
| കർഷക തൊഴിലാളി പെൻഷൻ | 1157400 | 396 |
| വിധവാ പെൻഷൻ | 6508800 | 2234 |
| വാർദ്ധക്യകാല പെൻഷൻ | 12784800 | 4496 |
| വികലാംഗ പെൻഷൻ | 1762100 | 597 |
| 50 വയസ്സ കഴിഞ്ഞ അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ | 543000 | 192 |
| വിവാഹ ധനസഹായം | 180000 | 3 |

## 1-7 പദ്ധതി അവലോകനം

ഡി.പി.സി. അഗീകാരം ലഭിച്ച 332 പ്രോജക്ടുകളിൽ 174 എണ്ണം ഓഡിററു വർഷം നടപ്പാക്കിയിട്ടുണ്ട്. ആകെ പദ്ധതി അടങ്കലായി 13,58,61,997/- 75296340/- രൂപ വകയിരുത്തിയതിൽ 13,58,61,997/- രൂപ പദ്ധതിക്കായി ചെലവഴിച്ചിട്ടുണ്ട്. ഇതിൽ 42117832/- രൂപ തനതു ഫണ്ടിൽ നിന്നുമാണ് ചെലവഴിച്ചിട്ടുള്ളത്. വാർഷിക പദ്ധതി രൂപീകരിക്കുന്നതിന്റെ അടിസ്ഥാന രേഖയായ

സ്റ്റാററസ് റിപ്പോർട്ട് തയ്യാറാക്കുന്നതിനോ പദ്ധതി മോണിട്ടറിംഗ് നടത്തുന്നതിനോ വർക്കിംഗ് ഗ്രൂപ്പുകൾ കാര്യക്ഷമമായി പ്രവർത്തിച്ചിട്ടില്ല.

ഡി.പി.സി.അംഗീകാരം ലഭിച്ച 237 മരാമത്തു പ്രോജക്ടുകളിൽ 110 പ്രവൃത്തികളാണ് തൻവർഷം നടപ്പാക്കിയിട്ടുള്ളത്. പല ഫണ്ടുകളിൽ നിന്നായി പൊതുമരാമത്ത് പ്രോജക്ടുകൾക്ക് ആകെ 79086025/- രൂപ വകയിരുത്തിയതിൽ 40012804/- രൂപയാണ് 2019-20 വർഷത്തിൽ ചെലവഴിച്ചത്. അതായത് 56.57 ശതമാനം തുക മാത്രമേ ചെലവഴിക്കാൻ സാധിച്ചിട്ടുള്ളൂ.

മരാമത്ത് പ്രവൃത്തികൾ സമയബന്ധിതമായി കരാർ വെച്ച് നടപ്പിലാക്കാത്തതിനാൽ കാലതാമസമുണ്ടായിട്ടുണ്ട് (ഖണ്ഡിക-1-9). കൂടാതെ റേഡ് പ്രവർത്തിയുടെ ഗുണനിലവാരം ഉറപ്പ് വരുത്താത്തത് സൂപ്പർവിഷൻ ചുമതലയുള്ള ഉദ്യോഗസ്ഥന്മാരുടെയും ,മോണിറ്ററിംഗ് കമ്മിറ്റിയുടെയും വീഴ്ചയാണ്. (ഖണ്ഡിക-(1-10). പട്ടികജാതി ഉപപദ്ധതി വിഹിതം വകമാറ്റി ചെലവഴിച്ചിട്ടുണ്ട്. പദ്ധതി രൂപീകരണ വേളയിൽ പദ്ധതിമാർഗ്ഗ രേഖ കൃത്യമായി പാലിക്കുന്നുവെന്ന് ഉറപ്പ് വരുത്തേണ്ടതാണ്. (ഖണ്ഡിക-1-12)

## 1-8 സേവനനികുതി - നികുതി ഒടുക്കിയതിൽ കറവ് - പിഴ തുക ഉത്തരവാദിയായവരിൽ നിന്ന് ഈടാക്കേണ്ടതാണ്.

ഫയൽ നമ്പർ എ 2.2023/18/

ചെക്ക് നമ്പർ - 89996/18.2.2021 തുക 42250/-

സെൻട്രൽ ടാക്സ് എക്സൈസ് കമ്മീഷണറുടെ 15.02.2019 ലെ 49/2018-19 എസ്.ടി. നമ്പർ ഷോകോസ് നോട്ടീസ് പ്രകാരം 01.04.2014 മുതൽ 30.06.2017 വരെ കാലയളവിൽ സേവനനികുതി ഇനത്തിൽ 1837089/- രൂപ അടക്കേണ്ടതിന് പകരം 623922/- രൂപ മാത്രമാണ് ഒടുക്കിയതെന്നും, അവശേഷിക്കുന്ന 12,13,167/- രൂപ അടവാക്കണമെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. 2015-16 വർഷം നഗരസഭയുടെ ആന്വൽ ഫിനാൻഷ്യൽ സ്റ്റേറ്റ്മെന്റ് (എ.എഫ്.എസ്.) പ്രകാരം കെട്ടിട വാടക ഇനത്തിൽ നഗരസഭയിൽ 43 ലക്ഷം ഡിമാന്റ് ഉണ്ട് എന്ന് തെറ്റായി കാണിച്ചതിനാലാണ് ഈ നോട്ടീസിന് കാരണമെന്നും യഥാർത്ഥത്തിൽ നഗരസഭ രൂപീകരിച്ചത് 2015 സെപ്റ്റംബർ മാസത്തിന് ശേഷമായതിനാൽ അതു വരെയുള്ള ഗ്രാമപഞ്ചായത്തിന്റെ എ.എഫ്.എസിലും, തുടർന്ന് നഗരസഭയുടെ എ.എഫ്.എസിലും ഒരേ തുകകൾ ഇരട്ടിപ്പ് വന്നതാണ് ഈ വലിയ തുക വരാൻ കാരണമെന്നും, യഥാർത്ഥ വരവ് 21,61,134 രൂപ മാത്രമാണെന്നും നഗരസഭ മറുപടി നൽകി. എന്നാൽ ഈ കാരണം മാത്രമല്ല സേവന നികുതി ഈടാക്കി ഒടുക്കേണ്ട മറ്റ് വാടക ഇനങ്ങൾ (ഓഡിറ്റോറിയം, ഹാൾ വാടക, മാർക്കറ്റ് രസീത്, ബസ്സ്റ്റാന്റ് രസീത്) ഒഴിഞ്ഞ് പോയതിനാലാണ് സേവന നികുതി കുറച്ച് അടക്കാൻ കാരണമെന്ന് തുടർന്നുള്ള കത്തിൽ

സെൻട്രൽ എക്സൈസ് വകുപ്പ് അറിയിച്ചു. തർക്കത്തെ തുടർന്ന് സർവ്വീസ് ടാക്സ് പെനാൽട്ടിയായി 5,63,011 രൂപ അടക്കണമെന്നും, ആയതിനെതിരെ അപ്പീൽ ഫയൽ ചെയ്തിട്ടുണ്ട്. കേസ് ആവശ്യാർത്ഥം മേൽ ചെക്ക് പ്രകാരം 42,250/- രൂപ നഗരസഭ ചെലവഴിച്ചിട്ടുള്ളത്. അപ്പീൽ വിധിയ്ക്ക് അനുസരിച്ച് പെനാൽറ്റി അടക്കേണ്ടി വരുന്ന സാഹചര്യത്തിൽ യഥാസമയം സേവന നികുതി ഒടുക്കുവാൻ വീഴ്ച വരുത്തിയവർക്കെതിരെ നടപടി സ്വീകരിക്കേണ്ടതും, പിഴ ഇനത്തിൽ ഒടുക്കേണ്ടി വരുന്ന തുക നഗരസഭയുടെ ഉത്തരവാദിയായവരിൽ നിന്നും തിരികെ ഈടാക്കേണ്ടതുമാണ്.

1-9 കരാർവെക്കുന്നതിന് കാലതാമസം-കരാറുകാരനിൽനിന്ന് പിഴ ഈടാക്കിയില്ല.

ജി.ഒ. (പി)13/2012/പി.ഡബ്ല്യു.ഡി/1.2.12 പൊതു മരാമത്ത് മാന്വൽ പ്രകാരം പ്രവൃത്തികൾക്ക് ടെണ്ടർ അംഗീകരിച്ച് സെലക്ഷൻ നോട്ടീസ് അയച്ച തിയ്യതി മുതൽ 14 ദിവസത്തിനുള്ളിൽ കരാർ വയ്ക്കേണ്ടതാണ്. 14 ദിവസം കഴിഞ്ഞാൽ പി.എ.സി യുടെ 1% പിഴ ഈടാക്കിക്കൊണ്ട് 10 ദിവസത്തിനുള്ളിൽ കരാർ വയ്ക്കാം. മേൽ കാലപരിധി കഴിഞ്ഞും കരാർ വെയ്ക്കാത്ത പക്ഷം കരാർ റദ്ദാക്കി ഇ.എം.ഡി കണ്ടു കെട്ടേണ്ടതും കരാറുകാരനെതിരെ ടെണ്ടർ നിബന്ധനകളിൽ പറഞ്ഞ മറ്റു നടപടികൾ സ്വീകരിക്കേണ്ടതുമാണ്. താഴെ പറയുന്ന പ്രോജക്ടുകളിൽ കരാർ പ്രവൃത്തികൾക്കായി 14 ദിവസത്തിനകം കരാർ വയ്ക്കാത്ത കരാറുകാരനിൽ നിന്നും പിഴ ഈടാക്കാതെയും മറ്റ് നിയമാനുസൃത നടപടികൾ സ്വീകരിക്കാ തെയുമാണ് കരാർ വച്ചിട്ടുള്ളത്.

| ക്രമ നം | പ്രോജക്ട് | സെലക്ഷൻ നോട്ടീസ് തിയതി | കരാർ വച്ച തിയ്യതി കരാറുകാരൻ/ പി.എ.സി. | പി എ സിയുടെ 1% ഫൈൻ തുക (മിനിമം 1000/-) |
|---|---|---|---|---|
| 1. | കുളങ്ങരപ്പാടം കുടക്കല്ല് കോളനി റോഡ് റീഫോർമേഷൻ & പാച്ച് വർക്ക് (65/20) (ബിൽ 20/24.01.20 – 405000/-) ചെക്ക് 5130097/ | 31.10.19 | 29.11.19<br>കെ.വി.മൊയ്തീൻ കുട്ടി<br>669955/- | 6699 |

| | | | | | | |
|---|---|---|---|---|---|---|
| | | 13.02.20-264069/-) | | | | |
| | 2 | മേലെ കാരത്തൊടി റോഡ് റീഫോർമേഷൻ & പാച്ച് വർക്ക് 135/20 (ചെക്ക് 705404/ 10.03.20/ 736970/-) | 11.11.19 | 09.12.19 അലി.കെ,പി 750000/- | 7500 | |
| | 3 | ബംഗ്ലാവ്പറമ്പ് പുതുപറമ്പത്ത് റോഡ് റീഫോർമേഷൻ & പാച്ച് വർക്ക് 81/20 (ചെക്ക് 5130204/25.02.20/ 384390/-) (ചെക്ക് 705448/ 27.03.20/ 377280/-) | 31.10.19 | 30.11.19 അബ്ദുറഹിമാൻ.R.M 790000/- | 7900 | |
| | 4 | കോതേരി റോഡ് റീഫോർമേഷൻ & പാച്ച് വർക്ക് 105/20 ( ചെക്ക് 705447/ 27.03.20/ 528770/-) | 31.10.19 | 16.12.19 കെ.എം.സുബ്രഹ്മണ്യൻ 530000/- | 5300 | |
| | 5 | കമ്യൂണിറ്റി ഹെൽത്ത് സെന്റർ പുനരുദ്ധാരണം 309/20 ബിൽ 21/24.1.20 /474379/- | 31.10.19 | 18.11.19 മുസ്തഫ.കെ.പി. 474379/- | 4743 | |
| | 6 | എഫ്.എച്ച്.സി രാമനാട്ടുകര വൈദ്യുതീകരണം 355/20 ബിൽ 49/31.03.20/ 50000/- ( ചെക്ക് 705509/19.05.20/ 75691/-) | 17.12.19 | 15.01.20 ഷാജി.പി 125733/- | 1257 | |
| | 7 | തിരുത്തിയാട് | 11.11.19 | 29.11.19 | 9993 | |

| | | | | |
|---|---|---|---|---|
| | കോവയിൽറോഡ് സൈഡ് സംരക്ഷണം 354/20 (ചെക്ക് 5130098/13.02.20/ 268254/-)<br>ബിൽ 46/05.3.21 /700000/- | | കെ.വി.കോയ മൊയ്തീൻകുട്ടി 999345/- | |
| 8 | ഫാറൂഖ് കോളേജ് യതീംഖാന റോഡ് റീഫോർമേഷൻ & പാച്ച് വർക്ക് 157/20<br>ചെക്ക് 705396/ 10.3.20/478994/- | 6.9.19 | 30.9.19 മുസ്തഫ.കെ.പി. 499000/- | 4990 |
| | | | | 48382 |

കരാർ വെയ്ക്കാൻ വൈകിയതിന് കാരണം കാണിക്കുകയോ ആയത് അംഗീകരിക്കപ്പെടുകയോ ചെയ്തിട്ടില്ല. കരാർ വെയ്ക്കാത്ത കരാറുകാരനിൽ നിന്നും പിഴ ഈടാക്കാതെയും മറ്റ് നിയമാനുസൃത നടപടികൾ സ്വീകരിക്കാതെയുമാണ് കരാർ വച്ച് പ്രവർത്തി പൂർത്തിയാക്കിയിട്ടുള്ളത്. അപാകതയ്ക്ക് വിശദീകരണം ലഭ്യമാക്കാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (08/ 19-20 തിയ്യതി 22.12.21) മറുപടി ലഭ്യമാക്കിയിട്ടില്ല. പിഴയിനത്തിൽ ഈടാക്കേണ്ടിയിരുന്ന 48382/-രൂപ ഉത്തരവാദിയായ അസിസ്റ്റന്റ് എഞ്ചിനീയറിൽ നിന്നും ഈടാക്കി വിവരം അറിയിക്കേണ്ടതാണ്.

1-10 റോഡ് പ്രവൃത്തിയുടെ ഗുണനിലവാരം ഉറപ്പുവരുത്തുന്നില്ല.

കേരള ജല വിതരണ അതോറിറ്റി നടപ്പാക്കുന്ന ചീക്കോട് കുടിവെള്ള പദ്ധതിയുടെ പൈപ്പിടൽ പ്രവൃത്തിയ്ക്കായി നഗരസഭാ പരിധിയിലെ ഭൂരിഭാഗം റോഡുകളും കുഴിച്ച് പ്രവൃത്തി നടത്തിയിരുന്നു. 2018-19 വർഷം മുതലുള്ള നഗരസഭയുടെ വാർഷിക പദ്ധതികളിലെ റോഡു പ്രവർത്തികളിൽ 90% ഉം ഇത്തരത്തിൽ പൈപ്പിടലിനായി കുഴിച്ച റോഡുകളുടെ റീഫോർമേഷനും, പാച്ച് വർക്കുമാണ്. എന്നാൽ ഇത്തരത്തിൽ പണി പൂർത്തീകരിച്ച ഏതാനും റോഡുകൾ 10.12.21ന് സ്ഥലപരിശോധന നടത്തിയതിൽ പ്രവൃത്തിയുടെ ഗുണനിലവാരമില്ലായ്മ മൂലം പൊട്ടിപൊളിഞ്ഞതായി കണ്ടു.

| ക്രമ നം. | റോഡിന്റെ പേര് | പ്രോജക്ട് നം.വർഷം | ചെലവുതുക | റിമാർക്സ് |
|---|---|---|---|---|
| 1 | വേലപ്പ മേനോൻ റോഡ് | 73/19-20 | 226031 | പ്രവൃത്തി പൂർത്തീകരിച്ച റോഡിൽ 130 മീറ്റർ ദൂരം MLAഫണ്ട് ഉപയോഗിച്ച് വീണ്ടും കോൺക്രീറ്റ് ചെയ്തു. |
| 2 | വൈദ്യരങ്ങാടി ഹൈസ്കൂൾ റോഡ് | 187/19-20<br>288/20-21 | 993242<br>169178 | വൈദ്യരങ്ങാടി സ്കൂളിനു മുൻവശം പത്ത് മീറ്റർ ദൂരം പൊട്ടി പൊളിഞ്ഞു കിടക്കുന്നു. |
| 3 | PHC തോട്ടായിപ്പാടം റോഡ് | 198/19-20 | 193812 | റോഡിൽ കുഴികൾ രൂപപ്പെട്ടിട്ടുണ്ട്. |

| | | | | |
|---|---|---|---|---|
| 4 | പാറമ്മൽ റോഡ് | 217/19-20 | 134379 | റോഡിൽ നിറയെ കുഴികളാണ്. റോഡ് പൊട്ടി പൊളിഞ്ഞ് താഴ്ന്നും ഉയർന്നും കിടക്കുന്നു. |
| 5 | കൊറ്റമംഗലം അടിവാരം റോഡ് | 154/19-20 | 223864 | റോഡ് ആരംഭിക്കുന്ന സ്ഥലം പൊട്ടി പൊളിഞ്ഞിട്ടുണ്ട്. |

പൂർത്തീകരിച്ച റോഡുകളിൽ പലതും വീണ്ടും പൊട്ടിപൊളിഞ്ഞ അവസ്ഥയിലാണ്. മുനിസിപ്പൽ ഫണ്ട് ഉപയോഗിച്ച് പണി പൂർത്തീകരിച്ച റോഡുകളിൽ മറ്റു ഫണ്ടുകളുപയോഗിച്ച് വീണ്ടും പ്രവൃത്തികൾ നടത്തുന്നതായി കാണുന്നു. ഒരേ എഞ്ചിനീയറിംഗ് വിഭാഗത്തിന്റെ മേൽനോട്ടത്തിലാണ് ഈ വർക്കുകളെല്ലാം നടക്കുന്നത്. എസ്റ്റിമേറ്റിൽ വിഭാവനം ചെയ്ത രീതിയിൽ പ്രവൃത്തി നടത്താത്തതോ സൂപ്പർവിഷനിലുള്ള അപാകതയോ ഇതിന് കാരണമായിട്ടുണ്ടാകാം. പ്രവൃത്തി പൂർത്തീകരിച്ച് അധിക കാലമാവുന്നതിനു മുമ്പെ റോഡുകൾ നശിച്ചുപോകുന്നതിനുള്ള കാരണം വിശദീകരിക്കാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (07/ 19-20 തിയ്യതി 22.12.21) മറുപടി ലഭ്യമാക്കിയിട്ടില്ല. അപാകതക്ക് മറുപടി ലഭ്യമാക്കേണ്ടതും റോഡ് പ്രവൃത്തിയിൽ ഗുണനിലവാരം ഉറപ്പുവരുത്തുന്നതിനാവശ്യമായ അടിയന്തര നടപടികൾ സ്വീകരിക്കേണ്ടതുമാണ്.

1-11 ബഡ്സ് സ്കൂളിൽ പഠിക്കുന്ന ഭിന്ന ശേഷിയുള്ള വിദ്യാർത്ഥികൾക്ക് യാത്രാ സൗകര്യം ഏർപ്പെടുത്തിയതിനു പുറമെ യാത്രാ ബത്തയും നൽകി.

2019-20 സാമ്പത്തിക വർഷം ഭിന്നശേഷിയുള്ള വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ്/യാത്രാബത്ത എന്നിവ നൽകുന്നതിനായി താഴെ കൊടുത്തിരിക്കും വിധം ഐ.സി.ഡി.എസ് സൂപ്പർവൈസർ നിർവ്വഹണ ഉദ്യോഗസ്ഥയായി 2 പ്രോജക്ടുകൾ നടപ്പിലാക്കിയിട്ടുണ്ട്.

| ക്രമ നമ്പർ | പ്രോജക്ട് | ചെലവ് തുക/ഫണ്ടിനം | ബിൽ നമ്പർ/ചെക്ക് നംപർ |
|---|---|---|---|
| 1 | ഭിന്നശേഷിയുള്ള വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് / യാത്രാ ബത്ത (എസ്.സി) 32/20 | 187000+13000 = 200000 (വി.ഫണ്ട് എസ്.സി.പി) | 8/20-12-19<br>13/18-3-20 |
| 2 | ഭിന്നശേഷിയുള്ള വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് / യാത്രാ | 851850+208400+ 27000+207091+ 20000=1314341 | 5130059/12-12-19<br>5130059/12-12-19 |

| | | | |
|---|---|---|---|
| | ബത്ത (ജനറൽ) 33/20 | (തനതു ഫണ്ട്)<br>495000+160650<br>= 655650 (വി.ഫണ്ട്)<br>ആകെ 1969991 | 5130214/10-3-20<br>705408/10-3-20<br>705454/30-3-20<br>10/31-12-19<br>11/31-12-19 |
| | ആകെ | 2169991 | |

തൻവർഷം സ്കോളർഷിപ്പ് ലഭിച്ച മാനസിക വെല്ലുവിളി നേരിടുന്ന 75 കുട്ടികളിൽ 29 പേർ ബഡ്സ് സ്കൂളിൽ പഠിക്കുന്നവരാണ്. 29 കുട്ടികളേയും സൗജന്യമായി സ്കൂളിലെത്തിക്കുന്നതിന് ഒരു ബസും ദിവസ വേതനാടിസ്ഥാനത്തിൽ ഡ്രൈവറേയും മുനിസിപ്പാലിറ്റി ഏർപ്പെടുത്തിയിട്ടുണ്ട്. അതിനാൽതന്നെ ഈ കുട്ടികൾക്ക് സ.ഉ(കൈ) നം.22/2018 ത.സ്വ.ഭ.വ തീയതി. 14-2-2018 സബ്സിഡി – ധനസഹായം - അനുബന്ധ വിഷയങ്ങൾ സംബന്ധിച്ച മാർഗ്ഗരേഖ ഖ.7.1.6(ബി) യിൽ നിർദ്ദേശിക്കുന്ന ഡേ സ്കോളർക്ക് പ്രതിമാസ യാത്രാബത്ത ഇനത്തിലുള്ള 1000 രൂപയ്ക്ക് (12000 രൂപ വാർഷികം) അർഹതയില്ല. ആയതിനാൽ ഇവർക്ക് വാർഷിക ധനസഹായമായി ലഭിക്കേണ്ട 28500 രൂപയ്ക്ക് പകരം യാത്രാ ബത്ത കഴിച്ച് 16500 രൂപയ്ക്ക് (28500-12000=16500) മാത്രമേ അർഹതയുള്ളൂ. എന്നാൽ മേൽ പ്രോജക്ടുകൾ മുഖേന താഴെ കാണിച്ചിരിക്കും വിധം ഈയിനത്തിൽ അധിക തുക നൽകിയതായി കാണുന്നു.

| ക്രമ നമ്പർ | കുട്ടിയുടെ പേര് | സ്കോളർഷിപ്പ്/ യാത്രാബത്ത യിനത്തിൽ നൽകിയ തുക | നൽകേണ്ട തുക | അധികം നൽകിയത് |
|---|---|---|---|---|
| 1 | സുബൈർ കരളങ്ങോട്ട് | 25301 | 16500 | 8801 |
| 2 | അഷിൽ കൊടുങ്ങഴി | 25301 | 16500 | 8801 |
| 3 | അവിനാഷ് കൊടുങ്ങഴി | 25301 | 16500 | 8801 |
| 4 | ഇന്ദു.വി | 25301 | 16500 | 8801 |
| 5 | റോഷൻ അഹമ്മദ് | 25301 | 16500 | 8801 |
| 6 | നിധിൻ.എൻ വരദാനം | 25301 | 16500 | 8801 |
| 7 | ഷിജ്ജല.എ | 25301 | 16500 | 8801 |
| 8 | രാജൻ മേലേകാളാതൊടി | 25301 | 16500 | 8801 |
| 9 | മിസ്ബ.എ.പി | 25301 | 16500 | 8801 |

| | | | | |
|---|---|---|---|---|
| 10 | ഹരികൃഷ്ണവൻ.ആർ.കെ | 25301 | 16500 | 8801 |
| 11 | ദിവിൻ.പി | 25301 | 16500 | 8801 |
| 12 | ആദിൽ.കെ | 25301 | 16500 | 8801 |
| 13 | റിസ് വാനത്ത്.എം | 25301 | 16500 | 8801 |
| 14 | ആദർശ്.സി.കെ | 25301 | 16500 | 8801 |
| 15 | വൈഷ്ണവ്.എം | 25301 | 16500 | 8801 |
| 16 | മുകേഷ് കൊല്ലേരി തൊടി | 25301 | 16500 | 8801 |
| 17 | ലായിഷ്.കെ.ടി | 25301 | 16500 | 8801 |
| 18 | ഫർസാന.ഇ | 25301 | 16500 | 8801 |
| 19 | റിൻസി.എം.കെ | 25301 | 16500 | 8801 |
| 20 | ജിജി.എം.കെ | 25301 | 16500 | 8801 |
| 21 | പ്രജീഷ്.എൻ. ദേവീകൃപ | 25301 | 16500 | 8801 |
| 22 | റിജു.ഇ | 25301 | 16500 | 8801 |
| 23 | മുഹമ്മദ് ഹഫീസ് | 25301 | 16500 | 8801 |
| 24 | നൗഫൽ.പി | 25301 | 16500 | 8801 |
| 25 | ആയിഷാബീവി | 25301 | 16500 | 8801 |
| 26 | സൈനബ.കെ.വി | 25301 | 16500 | 8801 |
| 27 | അമയ.ഒ, ഇത്തിളാംകുന്ന് | 25301 | 16500 | 8801 |
| 28 | ജിഷ്ണ.കെ.പി | 25301 | 16500 | 8801 |
| 29 | ശ്രീദേവി.കെ.ടി | 25301 | 16500 | 8801 |
| | | ആകെ | | 255229 |

മാർഗ്ഗരേഖയിൽ നിർദ്ദേശിച്ചതിന് വിരുദ്ധമായി യാത്രാബത്തയിനത്തിൽ അധികം തുക നൽകിയതിന് വിശദീകരണം നൽകേണ്ടതാണെന്നാവശ്യപ്പെട്ട് നൽകിയ എൻക്വയറിക്ക് (5/21-12-21) മറുപടി നൽകിയിട്ടില്ല. അധികമായി നൽകിയ 255229 രൂപ തിരികെ ഈടാക്കി അറിയിക്കേണ്ടതാണ്.

## 1-12 പട്ടികജാതി ഉപപദ്ധതി വിഹിതം-വകമാറ്റി ചെലവഴിച്ചു

ഐ.സി.ഡി.എസ്. സൂപ്പർവൈസർ നിർവ്വഹണോദ്യോഗസ്ഥയായി നടപ്പാക്കിയ താഴെ കൊടുത്ത പ്രൊജക്ടുകളിൽ പട്ടികജാതി ഉപപദ്ധതി വിഹിതം വകമാറ്റി ചെലവഴിച്ചതായി കാണുന്നു. വിശദാംശം താഴെ കൊടുക്കുന്നു.

| ക്രമ നമ്പർ | പ്രൊജക്ട് | ചെലവ് തുക | ബിൽ നമ്പർ | ഗുണഭോക്താക്കളുടെ എണ്ണം | | |
|---|---|---|---|---|---|---|
| | | | | ആകെ | എസ്.സി | ശതമാനം |
| 1 | ഭിന്നശേഷിയുള്ള വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് / യാത്രാബത്ത (എസ്.സി) 32/20 | 187000+ 13000 =200000 | 8/ 20-12-19 13/ 18-3-20 | 103 | 9 | 8.74 |
| 2 | അങ്കണവാടി പൂരക പോഷകാഹാര പരിപാടി (എസ്.സി) 31/20 | 300000 | 7/ 7-11-19 | 4475 | 339 | 7.57 |
| | ആകെ | 500000 | | | | |

02.02.2018-ലെ സ.ഉ.(കൈ)17/2018 ത.സ്വ.ഭ.വ പദ്ധതി മാർഗ്ഗരേഖ ഖണ്ഡിക 6-1ൽ(1), 5(ii) എന്നിവ പ്രകാരം പട്ടികജാതി ഉപപദ്ധതി വിഹിതം പാഴാക്കാനോ വകമാറ്റി ചെലവഴിക്കാനോ പാടില്ല. ആകെ ഗുണഭോക്താക്കളിൽ പട്ടികജാതി വിഭാഗക്കാരുടെ എണ്ണം 50% ൽ കുറവായിരിക്കുകയും എന്നാൽ 25% എങ്കിലും ഉണ്ടായിരിക്കുകയും ചെയ്യുന്ന സന്ദർഭത്തിൽ പട്ടികജാതി വിഭാഗക്കാരുടെ ശതമാനത്തിന്

ആനുപാതികമായ വിഹിതം പട്ടികജാതി ഉപപദ്ധതി വിഹിതത്തിൽ നിന്ന് വകയിരുത്താവുന്നതും ബാക്കി തുക പൊതുവിഭാഗം/തനത് ഫണ്ടിൽ നിന്ന് വകയിരുത്തുകയും ചെയ്യേണ്ടതാണ്. പട്ടികജാതി വിഭാഗക്കാരുടെ എണ്ണം 25% ത്തിൽ താഴെയാണെങ്കിൽ പൂർണ്ണമായും പൊതുവിഭാഗം വികസന ഫണ്ട്/തനത് ഫണ്ട് തന്നെ വകയിരുത്തണം.

നിർവഹണോദ്യോഗസ്ഥ ഹാജരാക്കിയ രേഖകൾ പ്രകാരം രണ്ടു പ്രൊജക്ടുകളിലെയും പട്ടികജാതി ഗുണഭോക്താക്കളുടെ എണ്ണം 25% ത്തിൽ താഴെയാണ്. ഇത്തരം സന്ദർഭത്തിൽ പൂർണ്ണമായും പൊതുവിഭാഗം വികസന ഫണ്ടോ തനത് ഫണ്ടോ ആണ് വകയിരുത്തേണ്ടത്.

ഗുണഭോക്താക്കളുടെ എണ്ണം നിശ്ചിത ശതമാനത്തിലും കുറവായിട്ടും പട്ടികജാതി ഉപപദ്ധതി വിഹിതം വകയിരുത്തി ചെലവഴിച്ചതിന് വിശദീകരണം നൽകേണ്ടതാണെന്നാവശ്യപ്പെട്ട് നൽകിയ എൻക്വയറിക്ക് (1/21-12-21) മറുപടി നൽകിയിട്ടില്ല. ഫണ്ട് വകമാറ്റി ചെലവഴിച്ചതിന് സർക്കാരിൽനിന്നും സാധൂകരണം വാങ്ങേണ്ടതാണ്. ചെലവു തുക തടസ്സത്തിൽവെക്കുന്നു.

## 1-13 ലൈഫ്/പി എം എ വൈ പദ്ധതി- ഭവനങ്ങളുടെ പണി പൂർത്തീകരിച്ചില്ല

ലൈഫ്/പി എം എ വൈ പദ്ധതിയുടെ ഭാഗമായി 2017-18 വർഷം മുതൽ കരാർ വെച്ചതും പണി പൂർത്തീകരികരിക്കാത്തതുമായ ഭവനങ്ങളുടെ വിശദാംശം താഴെ ചേർക്കുന്നു

| വർഷം | പൂർത്തീകരിക്കാത്ത ഭവനങ്ങളുടെ എണ്ണം |
|---|---|
| 2017-18 | 3 |
| 2018-19 | 12 |

ഈ ഭവനങ്ങളുടെ നിർമാണം പൂർത്തീകരിക്കാനുള്ള നടപടികൾ സ്വീകരിച്ച് ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-14 കുടിവെള്ള വിതരണം -സംബന്ധിച്ച അപാകതകൾ

സൂചന - ഫയൽ നമ്പർ: എ1 2585/2019

നിർവ്വഹണോദ്യോഗസ്ഥൻ- സെക്രട്ടറി

ചെക്ക് നം 662763/ 500000

ബിൽ നം 69/05-09-2019/ 1882600

ആകെ 2382600

02.03.2019 ലെ (സാധാ) 500/2019/ത.സ്വ.ഭ.വ. നമ്പർ ഉത്തരവ് പ്രകാരം വരൾച്ച പ്രഖ്യാപിച്ച പ്രദേശങ്ങളിൽ കുടിവെള്ള വിതരണത്തിനായി സർക്കാർ അനുമതി നൽകിയതിന്റെ അടിസ്ഥാനത്തിൽ

2019 മാർച്ച് 11 മുതൽ ജൂൺ 10 വരെയുള്ള കാലയളവിൽ വരൾച്ചാ ദുരിതാതാശ്വാസത്തിന്റെ ഭാഗമായി കുടിവള്ളം വിതരണം ചെയ്തതിന് 2382600/- രൂപ തനത് ഫണ്ടിൽ നിന്നും ചെലവഴിച്ചിട്ടുണ്ട്.

പഞ്ചായത്തിൽ കുടിവെള്ളം വിതരണം നടത്തുന്നതിനായി താൽപര്യമുള്ളവരിൽ നിന്ന് ടെണ്ടർ ക്ഷണിച്ചു. അതിൽ വിജയിയായ ശ്രീ.ഷൈജു.പി.എം, ചന്ദ്രാലയം, രാമനാട്ടുകര എന്നവരുടെ ടെണ്ടർ ഭരണസമിതി 08-03-2019 ലെ 1 നമ്പർ തരുമാന പ്രകാരം അംഗീകരിച്ചു. (1000 ലിറ്ററിന് 350 രൂപ) വാട്ടർ അതോറിറ്റിയുടെ വൈദ്യരങ്ങാടി പമ്പിൽ  നിന്നും കുടിവള്ളം ലഭ്യമാക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിച്ചു .

4000 ലിറ്റർ കപ്പാസിറ്റിയുള്ള ടാങ്കുകളിൽ  വെള്ളം ശേഖരിച്ചാണ് കരാറുകാരൻ കുടിവള്ളം വിതരണം നടത്തിയത്. ഇതിനായി 5 വാഹനങ്ങൾ ഉപയോഗിച്ചു

KL.65 A2122 4000 LITR,

KL.11 X 4594 4000 LITR,

KL.57 B 5921 4000 LITR,

KL.11 W 270 4000 LITR,

KL.10 AD 7414 4000 LITR,

2019 മാർച്ച് 11 മുതൽ ജൂൺ 10 വരെയുള്ള കാലയളവിലെ വാടകയിനത്തിൽ 2382600/ രൂപ അനുവദിച്ചു.

കുടിവെള്ള വിതരവുമായി ബന്ധപ്പട്ട ഫയൽ പരിശോധിച്ചതിൽ നിന്നും താഴെ പറയുന്ന അപാകതകൾ കാണുന്നു.

1) 02.03.2019 ലെ (സാധാ) 500/2019/ത.സവ.ഭ.വ.നമ്പർ ഉത്തരവ് പ്രകാരം 31-03-2019 വരെ 11 ലക്ഷവും, 01/04/2019 മുതൽ 16.5 ലക്ഷവുമാണ് ചെലവഴിക്കാൻ അനുമതിയുള്ളത്. 11-03-2019 മുതൽ 10-06-2019 വരെ ആകെ 4176200/ രൂപയാണ് ചെലവ് വന്നിട്ടുള്ളത്. ബാലൻസ് തുകക്ക് സർക്കാർ അനുമതി ലഭിക്കുന്നതിനായി A1/ 2585/2019 തിയതി 28/11/2019 പ്രകാരം സർക്കാറിന് കത്തയച്ചു. സർക്കാർ അനുമതി ഇതു വരെയും ലഭിച്ചില്ല.

ഇതുമായി ബന്ധപ്പെട്ട ഫയൽ പരിശോധിച്ചപ്പോൾ കണ്ടെത്തിയ അപാകതകൾ താഴെ ചേർക്കുന്നു

02.03.2019 ലെ സ.ഉ (സാധാ) 500/2019/ത.സവ.ഭ.വ.നമ്പർ ഉത്തരവ് പ്രകാരം ജി പി എസ് ലോഗും വാഹനത്തിന്റെ ലോഗ് ബുക്കും ക്രോസ് ചെക്ക് ചെയ്ത് സുതാര്യത ഉറപ്പ് വരുത്തിയതിന് ശേഷമാണ് സെക്രട്ടറിമാർ ചെലവ് തുക വിനിയോഗിക്കേണ്ടത്. ഇങ്ങനെ ചെയ്തതിന്റെ വിവരം ഫയലിൽ

ലഭ്യമല്ല

20.06.2019 ലെ വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോഡിനേഷൻ കമ്മിറ്റിയുടെ യോഗ തീരുമാനം നം 3.12 പ്രകാരം തദ്ദേശഭരണ സ്ഥാപനങ്ങൾ വരൾച്ച മുതലായ അടിയന്തിര സാഹചര്യങ്ങളിൽ കുടിവെള്ള വിതരണം നടത്തുമ്പോൾ അതിന്റെ ബിൽ തുക ജില്ല കളക്ടർമാർക്ക് നൽകി റീക്ലപ്പ് ചെയ്ത് കിട്ടുന്നതിന് വേണ്ട നടപടികൾ സ്വീകരിക്കാൻ നിർദ്ദേശിച്ചിരുന്നു. അതിന്റെ അടിസ്ഥാനത്തിൽ തദ്ദേശഭരണ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി LSGD-FM3/262/2019-LSGD നമ്പർ കത്തിലൂടെ അക്കാര്യം നഗരകാര്യ വകുപ്പ് ഡയറക്ടറെ അറിയിച്ചു.

കുടിവെള്ള വിതരണത്തിന് തടസ്സമുണ്ടാക്കരുത് എന്ന കാരണത്താലാണ് കുടിവെള്ള വിതരണത്തിന് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ വികസന/തനത് ഫണ്ട് ചെലവഴിക്കാൻ സർക്കാർ യഥേഷ്ടാനുമതി നൽകുന്നത്. ചെലവു തുക റീക്ലപ്പ് ചെയ്യുന്നതിന് നടപടി സ്വീകരിക്കാത്തതിനാൽ 2382600/- രൂപ തനത് ഫണ്ട് പഞ്ചായത്തിന് നഷ്ടമായി

2) 2006 ലെ ഫുഡ് സേഫ്റ്റി & സ്റ്റാന്റേർഡ് നിയമം വകുപ്പ് 3 (ജെ) പ്രകാരം കുടിവെള്ളം ആഹാരത്തിന്റെ നിർവ്വചനത്തിൽ ഉൾപ്പെടുന്നതാണ്. ടാങ്കർ ലോറികളിലും മറ്റ് വാഹനങ്ങളിൽ ഘടിപ്പിച്ചിട്ടുള്ള വാട്ടർ ടാങ്കിലും കുടിവെള്ളം വിതരണം ചെയ്യുന്നവർ ഫുഡ് സേഫ്റ്റി & സ്റ്റാൻറേഡ് (ലൈസൻസിംഗ് & രജിസ്ട്രേഷൻ) റഗുലേഷൻ 2011 പ്രകാരം എഫ്.ബി.ഒ. (FBO- Food Business Operator) ലൈസൻസ് എടുക്കണം. ഇത്തരം ലൈസൻസുള്ള ടാങ്കർ ലോറികളിൽ/ടാങ്കുകളിൽ മാത്രമെ സംസ്ഥാനത്ത് കുടിവെള്ളം വിതരണം/വിൽപ്പന നടത്താൻ പാടുള്ളൂ. കുടിവെള്ള വിതരണത്തിനായി ഏതെങ്കിലും വ്യക്തി ഒന്നിൽ കൂടുതൽ വാഹനങ്ങളെ ഉപയോഗിക്കുന്നുണ്ടെങ്കിൽ ഈ വാഹനങ്ങളുടെ രജിസ്ട്രേഷൻ നമ്പറുകളെ ലൈസൻസിൽ രേഖപ്പെടുത്തി പ്രത്യേകം ലൈസൻസ് എടുത്തിരിക്കണം. കുടിവെള്ളം വിതരണം ചെയ്യുന്ന ടാങ്കർ ലോറികളിലും മറ്റു വാഹനങ്ങളിൽ ഘടിപ്പിച്ചിട്ടുള്ള വാട്ടർ ടാങ്കിലും 'Drinking Water/ കുടിവെള്ളം" എന്ന് എഴുതി പ്രദർശിപ്പിക്കണം. മറ്റ് ആവശ്യങ്ങൾക്ക് ഉപയോഗിക്കുന്ന വെള്ളമാണെങ്കിൽ 'Not For Drinking Purpose/ നിർമ്മാണത്തിനും മറ്റ് ആവശ്യങ്ങൾക്കുമുള്ള വെള്ളം" എന്ന് എഴുതണം. കുടിവെള്ളം വിതരണം ചെയ്യുന്ന ടാങ്കർ ലോറികളിലും മറ്റു വാഹനങ്ങളിൽ ഘടിപ്പിച്ചിട്ടുള്ള വാട്ടർ ടാങ്കിലും എഫ്.ബി.ഒ. ലൈസൻസ് നമ്പർ രേഖപ്പെടുത്തണം. എന്നാൽ കുടിവെള്ളം വിതരണം നടത്തിയ വാഹനങ്ങൾക്ക് എഫ്.ബി.ഒ ലൈസൻസ് എടുത്തതിന്റെ വിശദാംശങ്ങൾ കരാറുകാരൻ ഹാജരാക്കിയിട്ടില്ല.

3. കരാറുകാരൻ കുടിവെള്ളം വിതരണം നടത്തുന്നതിനായി 5 വാഹനങ്ങൾ ഉപയോഗിച്ചിട്ടുണ്ട്. ഫുഡ് സേഫ്റ്റി & സ്റ്റാന്റേഡ്സ് നിയമം പ്രകാരം കുടിവെള്ളം ശേഖരിക്കുന്ന ടാങ്കറുകളുടെ ഉൾവശം ബിറ്റുമിനിസ്റ്റിക്ക് കോട്ടിങ്ങോ മറ്റ് അനുവദനീയ കോട്ടിങ്ങോ ഉള്ളവയായിരിക്കണം. ആയത്

സംബന്ധിച്ച പരിശോധന റിപ്പോർട്ടുകൾ ഫയലിൽ രേഖപ്പെടുത്തിയിട്ടില്ല. ഇതുമായി ബന്ധപ്പെട്ട് നൽകിയ അന്വേഷണക്കുറിപ്പിന് മറുപടി നൽകിയിട്ടില്ല. അപാകതയ്ക്ക് വിശദമായ മറുപടി ഓഡിറ്റിന് സമർപ്പിക്കേണ്ടതാണ്.

## 1-15 കെൽട്രോണിൽ നിന്നും പ്രിന്റർ ലഭ്യമായില്ല

പ്രൊജക്റ്റ് നം 275/20

അടങ്കൽ തുക – 295234/- രൂപ തനത് ഫണ്ട്

ചെലവ് തുക - 295234/- രൂപ,

ചെക്ക് നം 5130082/21-01-2020

നഗര സഭയുടെ ഉപയോഗത്തിനായി കമ്പ്യൂട്ടറും അനുബന്ധ ഉപകരണങ്ങളും കെൽട്രോണിൽ നിന്നും (CPRCS) വാങ്ങുന്നതിന് തുക അടവാക്കിയിട്ടുണ്ട് വിവരങ്ങൾ താഴെ ചേർക്കുന്നു

| ഇനം/എണ്ണം | വില വിവരങ്ങൾ | ലഭ്യമായതിന്റെ വിവരം |
|---|---|---|
| 2 A4 Multi Function Printor | 14726x2=29452 | ലഭ്യമായില്ല |
| 5 Desktop Computer | 40129x4=160516 | 22-07-2020 |
| 2 Desktop Computer | 52633x2=105266 | 12-12-2020 |
| Total | 295234 | |

പണം നൽകി 23 മാസം കഴിഞ്ഞിരിക്കുകയാണ് നഗര സഭയുടെ പ്രവർത്തനത്തിനാവശ്യമായ A4 Multi Function Printor (2 എണ്ണം) ഇത് വരെയും കെൽട്രോൺ ലഭ്യമാക്കിയിട്ടില്ല. ഇക്കാര്യത്തിൽ നഗര സഭ സ്വീകരിച്ച നടപടികൾ വിശദീകരിക്കണമെന്ന് ആവശ്യപ്പെട്ടു കൊണ്ട് നൽകിയ അന്വേഷണക്കുറിപ്പിന് മറുപടി നൽകിയിട്ടില്ല. പ്രിന്റർ ലഭിക്കുന്നത് വരെ ചെലവ് തുക തടസ്സപ്പെടുത്തുന്നു.

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

### 3-1 കരാർവെക്കുന്നതിന് കാലതാമസം-കരാറുകാരനിൽനിന്ന് പിഴ ഈടാക്കിയില്ല.

ജി.ഒ. (പി)13/2012/പിഡബ്ല്യുഡി/1.2.12 പൊതു മരാമത്ത് മാന്വൽ പ്രകാരം പ്രവൃത്തികൾക്ക് ടെണ്ടർ അംഗീകരിച്ച് സെലക്ഷൻ നോട്ടീസ് അയച്ച തിയ്യതി മുതൽ 14 ദിവസത്തിനുള്ളിൽ കരാർ വയ്ക്കേണ്ടതാണ്. 14 ദിവസം കഴിഞ്ഞാൽ പി.എ.സി യുടെ 1% പിഴ ഈടാക്കിക്കൊണ്ട് 10 ദിവസത്തിനുള്ളിൽ കരാർ വയ്ക്കാം. മേൽ കാലപരിധി കഴിഞ്ഞും കരാർ വെയ്ക്കാത്ത പക്ഷം കരാർ റദ്ദാക്കി ഇ.എം.ഡി കണ്ടു കെട്ടേണ്ടതും കരാറുകാരനെതിരെ ടെണ്ടർ നിബന്ധനകളിൽ പറഞ്ഞ മറ്റു നടപടികൾ സ്വീകരിക്കേണ്ടതുമാണ്. താഴെ പറയുന്ന പ്രോജക്ടുകളിൽ കരാർ പ്രവൃത്തികൾക്കായി 14 ദിവസത്തിനകം കരാർ വയ്ക്കാത്ത കരാറുകാരനിൽ നിന്നും പിഴ ഈടാക്കാതെയും മറ്റ് നിയമാനുസൃത നടപടികൾ സ്വീകരിക്കാതെയുമാണ് കരാർ വച്ചിട്ടുള്ളത്.

| ക്രമ നം | പ്രോജക്ട് | സെലക്ഷൻ നോട്ടീസ് തിയതി | കരാർ വച്ച തിയ്യതി *കരാറുകാരൻ/* പി.എ.സി. | പിഎ സിയുടെ 1% ഫൈൻ തുക(മിനിമം 1000/-) |
|---|---|---|---|---|
| 1. | കുളങ്ങരപ്പാടം കടക്കല്ല് കോളനി റോഡ് റീഫോർമേഷൻ & പാച്ച് വർക്ക് (65/20) (ബിൽ 20/24.01.20 – 405000/-) ചെക്ക് 5130097/13.02.20 – 264069/-) | 31.10.19 | 29.11.19<br>കെ.വി.മൊയ്തീൻകുട്ടി<br>669955/- | 6699 |
| 2 | മേലെ കാരത്തൊടി റോഡ് റീഫോർമേഷൻ&പാച്ച് വർക്ക് 135/20 ( ചെക്ക് 705404/10.03.20/ 736970/-) | 11.11.19 | 09.12.19<br>അലി.കെ,പി<br>750000/- | 7500 |

| | | | | |
|---|---|---|---|---|
| 3 | ബംഗ്ലാവ്പറമ്പ് പുതുപറമ്പത്ത് റോഡ് റീഫോർമേഷൻ & പാച്ച് വർക്ക് 81/20 ( ചെക്ക് 5130204/ 25.02.20/ 384390/-) ( ചെക്ക് 705448/ 27.03.20/ 377280/-) | 31.10.19 | 30.11.19 അബ്ദുറഹിമാൻ.R.M 790000/- | 7900 |
| 4 | കോതേരി റോഡ് റീഫോർമേഷൻ & പാച്ച് വർക്ക് 105/20 ( ചെക്ക് 705447/ 27.03.20/ 528770/-) | 31.10.19 | 16.12.19 കെ.എം.സുബ്രഹ്മണ്യൻ 530000/- | 5300 |
| 5 | കമ്യൂണിറ്റി ഹെൽത്ത് സെന്റർ പുനരുദ്ധാരണം 309/20 ബിൽ 21/24.1.20/ 474379/- | 31.10.19 | 18.11.19 മുസ്തഫ.കെ.പി. 474379/- | 4743 |
| 6 | എഫ്.എച്ച്.സി. രാമനാട്ടുകര വൈദ്യുതീകരണം 355/20 ബിൽ 49/31.03.20/ 50000/- ( ചെക്ക് 705509/ 19.05.20/ 75691/-) | 17.12.19 | 15.01.20 ഷാജി.പി 125733/- | 1257 |
| 7 | തിരുത്തിയാട് കോവയിൽറോഡ് സൈഡ് സംരക്ഷണം 354/20 ( ചെക്ക് 5130098/ 13.02.20/ 268254/-) ബിൽ 46/05.3.21 /700000/- | 11.11.19 | 29.11.19 കെ.വി.കോയമൊയ്തീൻ കുട്ടി 999345/- | 9993 |
| 8 | ഫാറൂഖ് കോളേജ് യതീംഖാന റോഡ് റീഫോർമേഷൻ & പാച്ച് വർക്ക് 157/20 ചെക്ക് 705396/ 10.3.20/478994/- | 6.9.19 | 30.9.19 മുസ്തഫ.കെ.പി. 499000/- | 4990 |
| | | | | 48382 |

കരാർ വെയ്ക്കാൻ വൈകിയതിന് കാരണം കാണിക്കുകയോ ആയത് അംഗീകരിക്കപ്പെടുകയോ ചെയ്തിട്ടില്ല. കരാർ വെയ്ക്കാത്ത കരാറുകാരനിൽ നിന്നും പിഴ ഈടാക്കാതെയും മറ്റ് നിയമാനുസൃത നടപടികൾ സ്വീകരിക്കാതെയുമാണ് കരാർ വച്ച് പ്രവർത്തി പൂർത്തിയാക്കിയിട്ടുള്ളത്. അപാകതയ്ക്ക്

വിശദീകരണം ലഭ്യമാക്കാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (08/ 19-20 തിയ്യതി 22.12.21) മറുപടി ലഭ്യമാക്കിയിട്ടില്ല. പിഴയിനത്തിൽ ഈടാക്കേണ്ടിയിരുന്ന 48382/- രൂപ ഉത്തരവാദിയായ അസിസ്റ്റന്റ് എഞ്ചിനീയറിൽ നിന്നും ഈടാക്കി വിവരം അറിയിക്കേണ്ടതാണ്.

3-2 ഭിന്ന ശേഷിയുള്ള വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് -അധികം നൽകി

2019-20 സാമ്പത്തിക വർഷം ഭിന്ന ശേഷിയുള്ള വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ്/യാത്രാബത്ത എന്നിവ നൽകുന്നതിനായി താഴെ കൊടുത്തിരിക്കും വിധം ഐ.സി.ഡി.എസ് സൂപ്പർവൈസർ നിർവ്വഹണ ഉദ്യോഗസ്ഥയായി 2 പ്രോജക്കുകൾ നടപ്പിലാക്കിയിട്ടുണ്ട്.

| ക്രമ നമ്പർ | പ്രോജക്ട് | ചെലവ് തുക/ ഫണ്ടിനം | ബിൽ നംപർ/ചെക്ക് നമ്പർ |
|---|---|---|---|
| 1 | ഭിന്നശേഷിയുള്ള വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് / യാത്രാ ബത്ത(എസ്.സി) 32/20 | 187000+13000=200000 (വി.ഫണ്ട് എസ്.സി.പി) | 8/20-12-19<br>13/18-3-20 |
| 2 | ഭിന്നശേഷിയുള്ള വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് / യാത്രാ ബത്ത | 851850+208400+ 27000+207091+ 20000=1314341 (തനതു ഫണ്ട്) | 5130059/12-12-19<br>5130059/12-12-19<br>5130214/10-3-20 |

| | | | |
|---|---|---|---|
| | (ജനറൽ) 33/20 | 495000+160650=<br>655650 (വി.ഫണ്ട്)<br>ആകെ 1969991 | 705408/10-3-20<br>705454/30-3-20<br>10/31-12-19<br>11/31-12-19 |
| | ആകെ | 2169991 | |

തൻവർഷം സ്കോളർഷിപ്പ് ലഭിച്ച മാനസിക വെല്ലുവിളി നേരിടുന്ന 75 കുട്ടികളിൽ 29 പേർ ബഡ്സ് സ്കൂളിൽ പഠിക്കുന്നവരാണ്. 29 കുട്ടികളേയും സൗജന്യമായി സ്കൂളിലെത്തിക്കുന്നതിന് ഒരു ബസും ദിവസ വേതനാടിസ്ഥാനത്തിൽ ഡ്രൈവറേയും മുനിസിപ്പാലിറ്റി ഏർപ്പെടുത്തിയിട്ടുണ്ട്. അതിനാൽ തന്നെ ഈ കുട്ടികൾക്ക് സ.ഉ(കൈ) നം.22/2018 ത.സ്വ.ഭ.വ തീയതി. 14-2-2018 സബ്സിഡി – ധനസഹായം- അനുബന്ധ വിഷയങ്ങൾ സംബന്ധിച്ച മാർഗ്ഗരേഖ ഖ.7.1.6(ബി) യിൽ നിർദ്ദേശിക്കുന്ന ഡേ സ്കോളർക്ക് പ്രതിമാസ യാത്രാബത്ത ഇനത്തിലുള്ള 1000 രൂപയ്ക്ക് (12000 രൂപ വാർഷികം) അർഹതയില്ല. ആയതിനാൽ ഇവർക്ക് വാർഷിക ധനസഹായമായി ലഭിക്കേണ്ട 28500 രൂപയ്ക്ക് പകരം യാത്രാ ബത്ത കഴിച്ച് 16500 രൂപയ്ക്ക് (28500-12000=16500) മാത്രമേ അർഹതയുള്ളൂ.എന്നാൽ മേൽ പ്രോജക്ടുകൾ മുഖേന താഴെ കാണിച്ചിരിക്കും വിധം ഈയിനത്തിൽ അധിക തുക നൽകിയതായി കാണുന്നു.

| ക്രമ നമ്പർ | കുട്ടിയുടെ പേര് | സ്കോളർഷിപ്പ്/ യാത്രാബത്ത യിനത്തിൽ നൽകിയ തുക | നൽകേണ്ട തുക | അധികം നൽകിയത് |
|---|---|---|---|---|
| 1 | സുബൈർ കരളങ്ങോട്ട് | 25301 | 16500 | 8801 |
| 2 | അഷിൽ കൊടുങ്ങഴി | 25301 | 16500 | 8801 |
| 3 | അവിനാഷ് കൊടുങ്ങഴി | 25301 | 16500 | 8801 |
| 4 | ഇന്ദു.വി | 25301 | 16500 | 8801 |
| 5 | റോഷൻ അഹമ്മദ് | 25301 | 16500 | 8801 |
| 6 | നിധിൻ.എൻ വരദാനം | 25301 | 16500 | 8801 |
| 7 | ഷിജില.എ | 25301 | 16500 | 8801 |
| 8 | രാജൻ മേലേകാളാതൊടി | 25301 | 16500 | 8801 |

| | | | | |
|---|---|---|---|---|
| 9 | മിസ്ബ.എ.പി | 25301 | 16500 | 8801 |
| 10 | ഹരികൃഷ്ണവൻ.ആർ.കെ | 25301 | 16500 | 8801 |
| 11 | ദിവിൻ.പി | 25301 | 16500 | 8801 |
| 12 | ആദിൽ.കെ | 25301 | 16500 | 8801 |
| 13 | റിസ് വാനത്ത്.എം | 25301 | 16500 | 8801 |
| 14 | ആദർശ്.സി.കെ | 25301 | 16500 | 8801 |
| 15 | വൈഷ്ണവ്.എം | 25301 | 16500 | 8801 |
| 16 | മുകേഷ് കൊല്ലേരി തൊടി | 25301 | 16500 | 8801 |
| 17 | ലായിഷ്.കെ.ടി | 25301 | 16500 | 8801 |
| 18 | ഫർസാന.ഇ | 25301 | 16500 | 8801 |
| 19 | റിൻസി.എം.കെ | 25301 | 16500 | 8801 |
| 20 | ജിജി.എം.കെ | 25301 | 16500 | 8801 |
| 21 | പ്രജീഷ്.എൻ.ദേവീകൃപ | 25301 | 16500 | 8801 |
| 22 | റിജു.ഇ | 25301 | 16500 | 8801 |
| 23 | മുഹമ്മദ് ഹഫീസ് | 25301 | 16500 | 8801 |
| 24 | നൗഫൽ.പി | 25301 | 16500 | 8801 |
| 25 | ആയിഷാബീവി | 25301 | 16500 | 8801 |
| 26 | സൈനബ.കെ.വി | 25301 | 16500 | 8801 |
| 27 | അമയ.ഒ, ഇത്തിളാംകുന്ന് | 25301 | 16500 | 8801 |
| 28 | ജിഷ്ണ.കെ.പി | 25301 | 16500 | 8801 |
| 29 | ശ്രീദേവി.കെ.ടി | 25301 | 16500 | 8801 |
| | | ആകെ | | 255229 |

മാർഗ്ഗരേഖയിൽ നിർദ്ദേശിച്ചതിന് വിരുദ്ധമായി യാത്രാബത്തയിനത്തിൽ അധികം തുക നൽകിയതിന് വിശദീകരണം നൽകേണ്ടതാ ണെന്നാവശ്യപ്പെട്ട് നൽകിയ എൻക്വയറിക്ക് (5/21-12-21) മറുപടി നൽകിയിട്ടില്ല. അധികമായി നൽകിയ 255229 രൂപ ഉത്തരവാദിയായ നിർവഹണ ഉദ്യോഗസ്ഥയിൽ നിന്നും തിരികെ ഈടാക്കി അറിയിക്കേണ്ടതാണ്.

## ഭാഗം -4

### 4-1 വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| 2019-20 | 2019-20 വർഷത്തെ ഓഡിറ്റിന്റെ ഭാഗമായി പരിശോധിച്ച | ഈ റിപ്പോർട്ടിനോടൊപ്പം പുറപ്പെടുവിച്ച |

### 4-2 സംയുക്ത പ്രോജക്ടുകൾക്ക ലഭിച്ച ഫണ്ട് വിനിയോഗം

ഇല്ല.

### 4-3. നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകകളുടെ വിവരങ്ങൾ

| നിർവഹണ എജൻസി | പ്രവർത്തിയുടെ പേര് | വൗച്ചർ/ചെക്ക് നമ്പർ | മുൻകൂർ നല്കിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| പി.ഡബ്ല്യൂ.ഡി | PWD NH മാനാഞ്ചിറ | 21900597/05/09/2019 | 6,00,00,000 | ---------- | 6,00,00,000 |
| KWA | വിവിധ എസ്.സി കോളനിയിലേക്ക് കേരള വാട്ടർ അതോറിറ്റിക്ക് കുടിവെള്ള പൈപ്പ് ലൈൻ സ്ഥാപിക്കൽ | 1916054700 4100700000/ 28.10.2019 | 572320 | -------- | 572320 |

## 4-4 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

ഇല്ല.

## 4-5 വായ്പ/ വായ്പ തിരിച്ചടവ്

ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരങ്ങൾ

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/ തിയ്യതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| ലൈഫ് ഭവന പദ്ധതി | | 98,00,000 | | 1546668 | | 8253332 |

വാർഷിക കണക്ക് പ്രകാരമുള്ള തുക, ലോൺ രജിസ്റ്റർ കാലിക മാക്കി സൂക്ഷിക്കാത്തതിനാൽ കൃത്യത ഉറപ്പ് വരുത്തുവാൻ സാധിച്ചിട്ടില്ല.

## 4-6 സ്ഥിരനിക്ഷേപങ്ങൾ.

| | |
|---|---|
| വർഷാരംഭത്തിലെ നിക്ഷേപം | 5694223 |
| തൻവർഷം നിക്ഷേപിച്ച തുക | 467256 |
| ആകെ | 6161479 |
| തന്നാണ്ടിൽ പിൻവലിച്ച തുക | ------ |
| വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപം | 6161479 |

വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപങ്ങളുടെ വിവരം താഴെ കൊടുക്കുന്നു

| ക്രമ നം | സ്ഥാപനത്തിന്റെ പേര് (ബാങ്ക്/ട്രഷറി/ പോസ്റ്റ് ഓഫീസ്) | നിക്ഷേപിച്ച തിയതി | കാലയളവ് | തുക |
|---|---|---|---|---|

| | | | | |
|---|---|---|---|---|
| 1. | കെ.ഡി.സി.ബാങ്ക് കോഴിക്കോട് ജില്ലാ കോ-ഓപ്പറേറ്റീവ് ബാങ്ക് | 31-03-2019 | ഒരു വർഷം | 322806 |
| 2. | രാമനാട്ടുകര സർവ്വീസ് സഹകരണ ബാങ്ക് | -ടി- | ഒരു വർഷം | 1667184 |
| 3. | രാമനാട്ടുകര റൂറൽ ഹൗസിംഗ് കോ-ഓപ്പ.സൊസൈറ്റി ലിമിറ്റഡ് | -ടി- | ഒരു വർഷം | 656891 |
| 4. | രാമനാട്ടുകര സർവ്വീസ് സഹകരണ ബാങ്ക് | -ടി- | ഒരു വർഷം | 1696261 |
| 5. | കെ.ഡി.സി.ബാങ്ക്, രാമനാട്ടുകര | -ടി- | ഒരു വർഷം | 6263 |
| 6. | ഫറോക്ക് കോ-ഓപ്പ.അർബൻ ബാങ്ക്, ഫറോക്ക് | -ടി- | ഒരു വർഷം | 1051766 |
| 7 | കെ.ഡി.സി.ബാങ്ക് കോഴിക്കോട് ജില്ലാ കോ-ഓപ്പറേറ്റീവ് ബാങ്ക് | -ടി- | ഒരു വർഷം | 760308 |
| | | | | 6161479 |

## 4-7 സമാഹൃത ഓഡിറ്റ് റിപ്പോർട്ട്

പഞ്ചായത്തിലെ (30-10-2015 വരെ) മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23 - വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം |
|---|---|---|---|---|
| 1999-00 | 36 | 2003-04 | പൊതു പരാമർശങ്ങൾ 11.13.1.24 108 | മൺപാത്ര നിർമ്മാണത്തിന് ധനസഹായം |
| 1999-00 | 36 | 2003-04 | മറ്റ് പരാമർശങ്ങൾ 11.14 | മൺപാത്ര നിർമ്മാണത്തിന് സഹകരണ |

| | | | | |
|---|---|---|---|---|
| | | | 119 | സംഘത്തിന് തുക ചെലവഴിച്ചു. |
| 2000-01 | 2-11 | 2004-05 | പൊതു പരാമർശങ്ങൾ 11.1.1.2 | പുതിയ മാതൃകയിലുള്ള ക്യാഷ് ബുക്കും അനുബന്ധ രേഖകളും എഴുതി സൂക്ഷിക്കുന്നില്ല. |
| 2000-01 | 2-11 | 2004-05 | പൊതു പരാമർശങ്ങൾ 11.1.3.14 116 | നികുതി പിരിവിൽ അലംഭാവം |
| 2001-02 | 7 | 2003-04 | മറ്റ് പരാമർശങ്ങൾ 11.14 119 | ഉണ്ണിയാലുമ്മൽ മേലേവാരം റോഡ് പരിഷ്കരണം |
| 2002-03 | 3-2 | 2006-07 | 3.87.1 | ചിറക്കാംകുന്ന് കുടിവെള്ള പദ്ധതി- അപാകം |
| | 3-4 | | 3.79.15(7) | കേരളാ വികസന പദ്ധതി അപാകം |
| | 3-7 | | 3.79.12(3) | കാർഷിക മേഖലയിലെ യന്ത്രവൽക്കരണം |
| | 3-17 | | 3.79.10(6) | കുടിവെള്ള പദ്ധതികളുടെ വൈദ്യുത ചാർജ്ജ് |
| | 3-18 | | 3.79.7(3) | സി.എഫ്.എൽ ലാമ്പുകളുടെ അറ്റകുറ്റപ്പണി അപാകം |
| | 3-24 | | 3.79.6(13) | റോയൽറ്റി ആർ.എം.എഫ് അടവാക്കിയതിലെ അപാകം |
| 2001-02 | 1(എ,ബി,സി) | 2005-06 | 11(11) | രജിസ്റ്ററുകളുടെ സൂക്ഷിപ്പ്, വാർഷിക കണക്കുകൾ എസ്റ്റാബ്ലിഷ്മെന്റ് ചെലവ് |
| | 3-16(ബി) | | 4(6) | വീട്ടു നിർമ്മാണം |

## 4-8 ഓഡിറ്റ് റിക്കവറി

| റിപ്പോർട്ട് വർഷം | ഖണ്ഡിക | ഈടാക്കിയ തുക | ഒടുക്കിയ ആളുടെ പേരും, ഉദ്യോഗ പേരും | രശീത് നമ്പർ തീയതി |
|---|---|---|---|---|

| | | | | |
|---|---|---|---|---|
| 2017-18 | 3-1 | 66288 | ഷൈമ.കെ പാർട്ട് ടൈം ലൈബ്രറിയേൻ | 119030101879/ 24/05/2019 |

## 4-9 ചാർജ് /സർചാർജ് നടപടികളുടെ വിവരം

(എ)ചാർജ് നടപടി വഴി ഈടാക്കിയ തുക

വിവരം ലഭ്യമല്ല.

(ബി)സർചാർജ് നടപടി വഴി ഈടാക്കിയ തുക

| ക്രമ ന മ്പർ | റിപ്പോർട്ട് വർഷം | ഖ. നം. | ഉത്തരവാ ദിയായ ഉദ്യോഗസ്ഥന്റെ പേര്, ഔദ്യോ ഗിക സ്ഥാനം, ഭരണ വകുപ്പ് | സർചാർജ് സർട്ടിഫിക്കറ്റ് | | സ്വയം അടവാ ക്കിയ തുക (രസീത് നമ്പർ/ തീയ തി) | റവ ന്യൂ റിക്ക വറി നട പടി യിലൂ ടെ ഈടാ ക്കി യ തുക (തീ യതി) | കോ ടതി വ്യവ ഹാര ങ്ങളിൽ | | ആ കെ ലഭ്യ മായ തുക | അവ ശേ ഷി ക്കുന്ന തുക/ ബാ ധ്യത | റി മാർ ക്ക് സ് |
|---|---|---|---|---|---|---|---|---|---|---|---|---|
| | | | | നമ്പരും തീയതിയും | തുക | | | ഉൾ പ്പെട്ട തുക | ഈ ടാ ക്കി യ തുക | | | |
| 1 | 2 | 3 | 4 | 5 | 6 | 7 | 8 | 9 | 10 | 11 | 12 | 13 |
| 1 | 1997-98 | 36, 39, 45 | സി.രാധാകൃഷ്ണൻ സെക്രട്ടറി(റിട്ട.) | എൽ.എഫ് 4693/സ്പെ. സെൽ/എസ്. സി14/01/ 28.8.02, 6.9.02 | 12789 | തീയതി | - | - | - | - | - | - |

## 4-10 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 141067125 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 208413439 |
| വരവിനങ്ങളിലുള്ള നഷ്ടം | - |
| ചെലവിനങ്ങളിലുള്ള നഷ്ടം ഓഡിറ്റിൽ അംഗികരിക്കാത്ത തുക | 303611 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 7,95,234 |

(ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| 3-1 | | 48382 | ശ്രീ.ദിനേഷ് കുമാർ.എം അസി.എഞ്ചിനീയർ |
| 3-2 | | 255229 | ശ്രീമതി.ബിന്ദു. ഐ.സി.ഡി.എസ് സൂപ്പർ വൈസർ |
| | | 303611 | |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-12 | 5,00,000 | ശ്രീമതി.ബിന്ദു. ഐ.സി.ഡി.എസ് സൂപ്പർ വൈസർ |
| 1-15 | 295234 | ശ്രീമതി.ജസിത പി.ജെ സെക്രട്ടറി |
| ആകെ | 7,95,234 | |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല.

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല.

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് / തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|

| | | |
|---|---|---|
| ശ്രീമതി.ദിനേഷ്കുമാർ.എം അസി.എഞ്ചിനീയർ | അസി.എഞ്ചിനീയർ (വിരമിച്ചു) | ഉത്രം ഹൗസ് ഈരഴ വടക്ക്, ചെട്ടികുളങ്ങര.പി.ഒ, കണ്ണമംഗലം ആലപ്പുഴ,690106 |
| ശ്രീമതി.ജസിത പി.ജെ സെക്രട്ടറി | രാമനാട്ടുകര നഗരസഭ | ഗോപിക, പന്തലായിനി, കൊയിലാണ്ടി, 673305 |
| ശ്രീമതി ബിന്ദു ഐ.സി.എസ് സൂപ്പർവൈസർ | രാമനാട്ടുകര നഗരസഭ | മാണിക്യനിലയം, കാക്കൂർ പി.ഒ, നന്മണ്ട - 673613 |

4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

31.10.2015 വരെയുള്ള ഗ്രാമപഞ്ചായത്ത് റിപ്പോർട്ടുകളും, 01.11.2015 മുതൽ നഗരസഭ റിപ്പോർട്ടും.

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ ശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം | തീർപ്പാക്കാൻ ശേഷിക്കുന്ന ഖണ്ഡികകൾ |
|---|---|---|---|
| 1999-00 | എൽ.എഫ്.കെ.കെ.ഡി (പി2)1444/12(1)/4.11.13 | 04 | 7, 11, 8, 9 |
| 2000-01 | എൽ.എഫ്.കെ.കെ.ഡി.പി2/ 1494/09(10) /4.11.13 | 01 | |
| 2001-02 | എൽ.എഫ്.കെ.കെ.ഡി.പി2/ 1444/12(2)/4.11.13 | 04 | |
| 2002-03 | എൽ.എഫ്.കെ.കെ.ഡി.പി2/ 1444/12(3)/4.11.13 | 06 | |
| 2003-04 | എൽ.എഫ്.കെ.കെ.ഡി.പി2/ 1444/12(4)/4.11.13 | 04 | |

| | | | | |
|---|---|---|---|---|
| 2004-05 | എൽ.എഫ്.കെ.കെ.ഡി.പി2/ 1444/12(5)/4.11.13 | 07 | | |
| 2005-06 | എൽ.എഫ്.കെ.കെ.ഡി.പി2/ 1451/08/6.11.09 | 26 | | |
| 2006-07 | എൽ.എഫ്.കെ.കെ.ഡി.പി2/ 1454/10/5.4.11 | 44 | | |
| 2007-08 | എൽ.എഫ്.കെ.കെ.ഡി.പി2/ 1455/10/4.3.11 | 56 | | |
| 2008-09 | എൽ.എഫ്.കെ.കെ.ഡി.പി2/ 206/11/3.3.11 | 39 | | |
| 2009-10 | എൽ.എഫ്.കെ.കെ.ഡി. എസ്2/470/2.4.13 | 50 | | |
| 2010-11 | എൽ.എഫ്.കെകെഡി.പി2/ 339/14/6.5.14 | 18 | | |
| 2011-12 | എൽ.എഫ്.കെ.കെ.ഡി.പി2/ 1638/14/6.1.15 | 16 | | |
| 2012-13, 2013-14 | എൽ.എഫ്.കെ.കെ.ഡി (പി2)/329/ 15/31.03.2015 | 27 | | |
| 2014-15 | കെ.എസ്.എ/കെ.കെ.ഡി/ പി2/2023/15/ 28.12.2015 | 27 | | |
| 2015-16 (31-10-15വരെ) | കെ.എസ്.എ കെ.കെ.ഡി പി.8/ 117/17/28-1-2017 (ഗ്രാമപഞ്ചായത്ത്) | 9 | | |
| 2015-16 (1-11-15 മുതൽ ) | കെ.എസ്.എ കെ.കെ.ഡി പി.14/125/16/30-1-2017 | 21 | | |
| 2016-17 | കെ.എസ്.എ.കെ.കെ.ഡി.പി14/ 1684/2017 | 40 | | |
| 2017-18 | കെ.എസ്.എ.കെ.കെ.ഡി.പി14/ 753/2019/20.5.19 | 22 | 2-(1) മുതൽ 2-11 വരെ 3-1 മുതൽ 3-11 വരെ | |
| 2018-19 | കെ.എസ്.എ.കെ.കെ.ഡി.പി14/ | 31 | 1-1, 1-3, 1-6, | |

| | | | |
|---|---|---|---|
| | 299/20/23.6.20 | | 1-7, 1-8, 1-9, 1-10, 1-11, 1-12, 1-13, 1-14, 1-15, 1-16, 1-17, 1-18, 1-19, 1-20, 1-21, 1-22, 1-23, 1-24, 1-25, 1-26, 1-27, 1-28, 1-29, 1-30, 1-31, 2-1, 4-9(5) 4-10 |

ജോയിന്റ് ഡയറക്ടർ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ് കാര്യാലയം, കോഴിക്കോട്

## അനുബന്ധം-1

## ഓഡിറ്റ് സാക്ഷ്യപത്രം

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള മുനിസിപ്പൽ ആക്ടിന്റെ 295-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത്രാജ് നഗരപാലികാ സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്ക് വിധേയമായി വകുപ്പിന് ബാധകമായ ഓഡിറ്റ് നിലവാരങ്ങളും നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് വാർഷിക ധനകാര്യ പത്രികകളുടെ ഓഡിറ്റ് ക്രമപ്പെടുത്തുന്നതിന് നിയോഗിക്കപ്പെട്ട പ്രത്യേക സമിതി തയ്യാറാക്കി 12.02.2021-ലെ യോഗത്തിൽ വകുപ്പ് അംഗീകരിച്ച ഓഡിറ്റ് രീതികളും സോഫ്റ്റ്‌വെയർ ക്രമീകരണങ്ങളും പ്രകാരം 2019-2020 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു. എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ കോഴിക്കോട് ജില്ലയിലെ രാമനാട്ടുകര മുൻസിപ്പാലിറ്റിയുടെ 2019-2020-ലെ വാർഷിക ധനകാര്യ പത്രിക വരവു ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ജോയിന്റ് ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, കോഴിക്കോട്
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

കോഴിക്കോട് ജില്ലയിലെ രാമനാട്ടുകര മുൻസിപ്പാലിറ്റിയുടെ 2019-2020 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ജോയിന്റ് ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, കോഴിക്കോട്
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്